C-apt

# കേരള സ്റ്റേറ്റ്
# സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്

കെ.ജി.റ്റി.ഇ പ്രീ-പ്രസ്സ് ഓപ്പറേഷൻ

*

കെ.ജി.റ്റി.ഇ പ്രസ്സ് - വർക്ക്

*

കെ.ജി.റ്റി.ഇ പോസ്റ്റ്-പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്

# പ്രോസ്പക്ടസ്

## 2024 – 2025

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്

**കെ.ജി.റ്റി.ഇ പ്രീ-പ്രസ്സ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ്സ് - വർക്ക്, കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് പ്രോഗ്രാമുകളിലേക്കുള്ള**

പ്രവേശനം 2024 - 2025

# പ്രോസ്പക്ടസ്

# പ്രധാന തീയതികൾ

| ക്രമ നമ്പർ | വിഷയം | തീയതി |
|---|---|---|
| 1 | അപേക്ഷ പത്രിക വിതരണം ചെയ്തു തുടങ്ങുന്നത് | **18.03.2024** |
| 2 | അപേക്ഷ പത്രിക വിതരണം അവസാനിക്കുന്നത് | **30.04.2024** |
| 3 | പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി | **30.04.2024** |
| 4 | സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | **08.05.2024** |
| 5 | ഇന്റർവ്യൂ തീയതി | **15.05.2024** (KGTE Post Press Operation & Finishing)<br>**16.05.2024** (KGTE Pre Press Operation)<br>**17.05.2024** (KGTE Press Work) |
| 6 | ക്ലാസ്സ് ആരംഭിക്കുന്ന തീയതി | **05.06.2024** |

# കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി മേഖലയിൽ കെ.ജി.റ്റി.ഇ പ്രോഗ്രാം പ്രവേശനം 2024 - 2025

# പ്രോസ്പെക്ടസ്

കേരള ഗവണ്മെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി വിഷയങ്ങളായ പ്രീ-പ്രസ് ഓപ്പറേഷൻ, പ്രസ് വർക്ക്, പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് തുടങ്ങിയ കോഴ്സുകളിലേക്ക് 2024 - 2025 വർഷത്തേക്കുള്ള പ്രവേശനനടപടികൾ 13.03.2024 മുതൽ ആരംഭിക്കുന്നതാണ്.

പ്രിന്റിംഗ് ടെക്നോളജി മേഖലയിൽ മൂന്നു വ്യത്യസ്ത പ്രോഗ്രാം അംഗീകരിച്ചു കൊണ്ട് കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് G.O.MS.No.780/2014/H.Edn. തിരുവനന്തപുരം തീയതി 12.09.2014 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അച്ചടി വ്യവസായ രംഗത്ത് കഴിഞ്ഞ കാലങ്ങളിലുണ്ടായ സാങ്കേതിക മുന്നേറ്റങ്ങൾ കണക്കിലെടുത്തു കൊണ്ട് ഈ മേഖലയ്ക്ക് ആവശ്യമായ വിദഗ്ദരെ പരിശീലിപ്പിച്ചെടുക്കുകയെന്നതാണ് ഈ പ്രോഗ്രാമുകളുടെ ഉദ്ദേശ ലക്ഷ്യം. പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പാഠ്യ പദ്ധതിയാണ് ഇതിനായി വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഈ മേഖലയിൽ മൂന്നു പ്രോഗ്രാമുകളാണ് നടത്തപ്പെടുന്നത്.

1. കെ.ജി.റ്റി.ഇ പ്രീ -പ്രസ് ഓപ്പറേഷൻ
2. കെ.ജി.റ്റി.ഇ പ്രസ് വർക്ക്
3. കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്

മേൽ പ്രോഗ്രാമുകളുടെ 2024 - 2025 വർഷത്തെ പ്രവേശനം സംബന്ധിച്ച വിശദവിവരങ്ങൾ.:

**1. പ്രോഗ്രാം.**

കെ.ജി.റ്റി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ് വർക്ക്, കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് എന്നീ പ്രോഗ്രാമുകൾ അച്ചടി വ്യവസായത്തിലെ 3 പ്രധാന പ്രവൃത്തി വിഭാഗത്തെ ഉൾക്കൊണ്ടു കൊണ്ട് വികസിപ്പിച്ചിട്ടെടുത്തിട്ടുള്ളതാണ്

**1.1. കെ.ജി.റ്റി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ:** പ്രധാനമായും കമ്പ്യൂട്ടർ അധിഷ്ഠിത പഠനമാണ് ഈ പ്രോഗ്രാം വിഭാവനം ചെയ്തിട്ടുള്ളത്. അച്ചടി രൂപ കല്പന, നിറങ്ങളെ സംബന്ധിച്ച പഠനം, ഡി.റ്റി.പി രംഗത്ത് പ്രാവീണ്യം നേടുന്നതിനാവശ്യമായ സോഫ്ററ് വെയറുകളുടെ പരിശീലനം എന്നിവയാണ് ഈ പ്രോഗ്രാം നിർവഹിക്കുന്നത്.

**1.2. കെ.ജി.റ്റി.ഇ പ്രസ് വർക്ക്:** വിവിധ തരത്തിലുള്ള പ്രിന്റിംഗ് പ്രസ്സുകൾ, പ്രിന്റിംഗിനു വേണ്ട സാധന സാമഗ്രികൾ, പ്രസ്സുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പഠനം എന്നിവയാണ് ഈ പ്രോഗ്രാം നിർവഹിക്കുന്നത്.

**1.3 കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്:** പ്രിന്റിംഗിന്റെ പൂർണ്ണത വരുത്തുന്ന ബൈന്റിംഗ്, പാക്കേജിംഗ്, അനുബന്ധ പ്രവൃത്തികൾ സംബന്ധിച്ച സമഗ്ര പഠനമാണ് ഈ പ്രോഗ്രാം നിർവഹിക്കുന്നത്.

**കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി** പ്രോഗ്രാം നടത്തുന്ന കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിന്റെ വിവിധ കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 പട്ടിക കാണുക.

**2. സീറ്റുകളുടെ എണ്ണം.** ഒരു പ്രോഗ്രാമിന് പരമാവധി സീറ്റുകളിൽ പ്രവേശനം നൽകുന്നതായിരിക്കും.

**3. സീറ്റുകളുടെ സംവരണം:** മൊത്തം സീറ്റിന്റെ 60% സീറ്റുകൾ പൂർണ്ണമായും മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതായിരിക്കും. അവശേഷിക്കുന്ന 40% സീറ്റുകൾ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും താഴെ പറയുന്ന രീതിയിൽ സംവരണം ചെയ്തിരിക്കുന്നു.

**എ.** S.E.B.C. വിഭാഗത്തിലുള്ളവർ സംവരണത്തിന് പരിഗണിക്കുന്നതിന് അവരുടെ സമുദായ സർട്ടിഫിക്കറ്റും, നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുംവാങ്ങി നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

**ബി.** വ്യത്യസ്ത ജാതികളിലുള്ള ദമ്പതികൾക്ക് ജനിച്ച കുട്ടികളെ S.E.B.C.സംവരണത്തിന് പരിഗണിക്കുന്നത്: വ്യത്യസ്ത ജാതികളിലുള്ള ദമ്പതിമാരിൽ അച്ഛനോ, അമ്മയോ S.E.B.C.പട്ടികയിൽ ഉൾപ്പെട്ട സമുദായത്തിൽ പെടുന്നുവെങ്കിലോ, അഛനും, അമ്മയും S.E.B.C.പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ പെടുന്നുവെങ്കിലും, അവർക്കു ജനിച്ച കുട്ടികൾ S.E.B.C.സംവരണത്തിനർഹരാണ്. ഇതിനർഹരായ അപേക്ഷകർ Intercaste Marriage Certificate ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവർ സംവരണം ലഭിയ്ക്കുവാൻ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. അഛനും അമ്മയും S.E.B.C. പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ വരുന്ന അപേക്ഷകർക്ക് അവരുടെ മാതാപിതാക്കളുടെ സമുദായങ്ങളിൽ ഏതെങ്കിലും ഒന്ന് സംവരണ ആവശ്യത്തിന് തെരഞ്ഞടുക്കാവുന്നതാണ്. ഈ വിധം അപേക്ഷയിൽ രേഖപ്പെടുത്തിയത് പിന്നീട് മാറ്റുവാൻ അനുവദിക്കുന്നതല്ല.

**സി.** വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ട ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെടുന്നുവെങ്കിൽ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസ/സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.(G.O.(MS).No. 25/2005/SCST DD dt 20.06.2005ഉം, (GO(MS)No.109/2008/SCST DD dt 20.11.2008 ഉം കാണുക) റവന്യൂ അധികാരികൾ നൽകുന്ന മാര്യേജ് സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ സമുദായം വ്യക്തമാക്കേണ്ടതാണ്.

**ഡി.** പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്ന അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസീൽദാരിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുന്ന ജാതി/സമുദായങ്ങളുടെ പേര് അനുബന്ധം-II ൽ ഉൾപ്പെടുന്നു.

**4. സംവരണം സംബന്ധിച്ച മറ്റു പൊതു നിയമങ്ങൾ**

4.1. പട്ടികജാതി വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തതിൽ മിച്ചമുള്ള സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും നേരെ തിരിച്ചും ലഭിക്കുന്നതാണ്.

4.2. പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകർ പ്രയോജനപ്പെടുത്താത്ത സീറ്റുകളിലേക്ക് മറ്റർഹ സമുദായത്തിൽപ്പെട്ട (ഒ.ഇ.സി) അപേക്ഷകരെ തെരഞ്ഞെടുക്കും. അതും കഴിഞ്ഞ് മിച്ചമുള്ള സീറ്റുകൾ പൊതു മെറിറ്റിൽ ഉൾപ്പെടുത്തുന്നതാണ്.

4.3 സംവരണ വിഭാഗത്തിലെ ഏതെങ്കിലും സീറ്റുകൾ, ആ വിഭാഗത്തിലെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് പ്രവേശനം പൂർത്തിയാക്കേണ്ടതാണ്.

**5. പ്രവേശന യോഗ്യത :** എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിനർഹത നേടിയിട്ടുള്ളവർക്ക് പ്രവേശനത്തിനപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ഇന്ത്യൻ പൗരനായിരിക്കണം.

**6. പഠനസമയം:** ക്ലാസ് സമയം രാവിലെ 9.30 മണി മുതൽ വൈകിട്ട് 4.30 വരെയായിരിക്കും.

**7. അപേക്ഷ ഫാറം:** അപേക്ഷാ ഫാറവും വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്ടസും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സെന്ററുകളിൽ നിന്നും 100/-രൂപ അടച്ചാൽ ലഭിക്കുന്നതാണ്.

**8. അപേക്ഷ സമർപ്പിക്കൽ :** പൂരിപ്പിച്ച അപേക്ഷയും എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ ശരിപകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തിയത് സഹിതം 30/04/2024 വൈകുന്നേരം 5 മണിക്കു മുമ്പായി അതാതു കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

**9. തിരഞ്ഞെടുപ്പു രീതി :** എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയുടെ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡ് പോയിന്റ് ആസ്പദമാക്കിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. മൊത്തം ഗ്രേഡ് പോയിന്റ് ആകെ വിഷയങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ശരാശരി ഗ്രേഡ് പോയിന്റ് കണക്കാക്കുന്നു.

പഴയ സ്കീമനുസരിച്ചുള്ള എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യതയുടെ മാർക്കുകൾ ഗ്രേഡ് പോയിന്റിലേക്ക് പരിവർത്തനം ചെയ്യുന്നു. പഴയ സ്കീം യോഗ്യത പരീക്ഷയുടെ മാർക്കും ആനുപാതിക ഗ്രേഡ് പോയിന്റും താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| ഗ്രേഡ് | എ+ | എ | ബി+ | ബി | സി+ | സി | ഡി+ |
|---|---|---|---|---|---|---|---|
| മാർക്ക് | .>=90 | .>=80 | .>=70 | .>=60 | >=50 | .>=40 | .>=30 |
| പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

ശരാശരി ഗ്രേഡ് പോയിന്റ് മുൻഗണനാക്രമത്തിൽ തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റിൽ നിന്ന് സംവരണ തത്വങ്ങൾക്ക് വിധേയമായി പ്രവേശനം നടത്തുന്നതായിരിക്കും. ശരാശരി ഗ്രേഡ് പോയിന്റ് തുല്യമായി വരുന്ന സാഹചര്യത്തിൽ ജനനത്തീയതി ആദ്യം വരുന്നവർക്ക് മുൻഗണന നൽകുന്നതിയിരിക്കും.

**10. അഭിമുഖം :** .

- അഭിമുഖത്തിനു തിരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക സ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.
- അഭിമുഖ ദിവസം വിദ്യാർത്ഥി രക്ഷാകർത്താവിനോടോപ്പം നിശ്ചിത സമയത്തു തന്നെ സ്ഥാപനത്തിൽ ഹാജരാകേണ്ടതാണ്.
- അഭിമുഖത്തിനു ഹാജരാകുമ്പോൾ താഴെ സൂചിപ്പിക്കുന്ന പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്.

1. എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷ സർട്ടിഫിക്കറ്റ്
2. ജാതി സർട്ടിഫിക്കറ്റ്
3. നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് } സംവരണത്തിന് അർഹരായവിഭാഗക്കാർ
4. വിടുതൽ സർട്ടിഫിക്കറ്റ്
5. സ്വഭാവ സർട്ടിഫിക്കറ്റ്
6. വരുമാന സർട്ടിഫിക്കറ്റ്

**11. ഫീസ് :** പ്രവേശനം ലഭിക്കുന്ന അപേക്ഷകർ താഴെ സൂചിപ്പിക്കുന്ന ഫീസ് പ്രവേശനസമയത്തു തന്നെ അടയ്ക്കേണ്ടതാണ്.

| | | |
|---|---|---|
| കോഴ്സ് ഫീസ് | - | Rs. 27,258/- (Twenty Seven Thousand Two hundred and Fifty eight only) (Inclusive of all taxes) |
| അഫിലിയേഷൻ ഫീസ് | - | Rs. 1000/- (Five hundred and Sixty only) |
| പരീക്ഷ ഫീസ് | - | Rs. 1,000/- (One Thousand only) |
| കരുതൽ നിക്ഷേപം | - | Rs. 500/- (Five Hundred only) |

ഒരിക്കൽ അടച്ച ഫീസ് പിന്നീട് തിരികെ നൽകുന്നതല്ല.

**12. ലിസ്റ്റ് :** പ്രവേശനത്തിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് അതാത് സി-ആപ്റ്റ് സെന്ററുകളിൽ 08/05/2024 വൈകിട്ട് 3 മണിക്ക് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**13. അറിയിപ്പ് :** പ്രവേശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും സ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപേക്ഷകർക്ക് പ്രത്യേക അറിയിപ്പ് നൽകുന്നതല്ല

അപൂർണ്ണമായ അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**മാനേജിംഗ് ഡയറക്ടർ**

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, തിരുവനന്തപുരം

## അനുബന്ധം 1

## കെ.ജി.റ്റി.ഇ. പ്രിന്റിംഗ് ടെക്നോളജി പ്രോഗ്രാം നടത്തുന്ന കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് കേന്ദ്രങ്ങളുടെ പട്ടിക

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മേൽവിലാസം | ഫോൺ നം. | നടത്തുന്ന പ്രോഗ്രാമിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി - ആപ്റ്റ്) ട്രെയിനിംഗ് ഡിവിഷൻ, തിരുവനന്തപുരം | ട്രയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേക്കോട്ട, തിരുവനന്തപുരം - 695024 | 0471-2474720, 0471-2467728 | കെ.ജി.റ്റി.ഇ പ്രീ പ്രസ്സ്ഓപ്പറേഷൻ<br>കെ.ജി.റ്റി.ഇ പ്രസ്സ്- വർക്ക്<br>കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ്സ്ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് | 30<br>30<br>30 |
| 2 | കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി - ആപ്റ്റ്) സബ് സെന്റർ, എറണാകുളം | ഗവൺമെന്റ് എൽപി.സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ. ആലുവ, എറണാകുളം - 683108 | 0484-2605322 | കെ.ജി.റ്റി.ഇ. പ്രി പ്രസ്സ് ഓപ്പറേഷൻ<br>കെ.ജി.റ്റി.ഇ. പ്രസ്സ് വർക്ക്<br>കെ.ജി.റ്റി.ഇ. പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് | 20<br>20<br>20 |
| 3 | കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി - ആപ്റ്റ്) സബ്സെന്റർ, കോഴിക്കോട് | ബൈരായിക്കുളം, ഗവൺമെന്റ് എൽപി. സ്കൂൾ ബിൽഡിംഗ്, റാം മോഹൻ റോഡ്, ശിക്ഷക് സദനത്തിന് സമീപം കോഴിക്കോട് - 673004 | 0495-2723666 | കെ.ജി.റ്റി.ഇ. പ്രി പ്രസ്സ് ഓപ്പറേഷൻ<br>കെ.ജി.റ്റി.ഇ. പ്രസ്സ് വർക്ക്<br>കെ.ജി.റ്റി.ഇ. പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് | 20<br>20<br>20 |

അനുബന്ധം 11

## LIST OF SCHEDULED CASTES (Reservation Group: SC)

[As Amended by The Constitution (Scheduled Castes) Orders (Second Amendment) Act, 2002 (Act 61 of 2002) Vide Part VIII - Kerala - Schedule 1 Notified in the Gazette of India dated 18.12.2002 The Constitution (Scheduled Caste) Order (amendment) Act 2007] [See Clause 5.4.3 (a)]

1 Adi Andhra
2 Adi Dravida
3 Adi Karnataka
4 Ajila
5 Arunthathiyar
6 Ayyanavar
7 Baira
8 Bakuda
9 Bathada
10 Bharathar (Other than Parathar), Paravan
11 Chakkiliyan
12 Chamar, Muchi
13 Chandala
14 Cheruman
15 Domban
16 Gosangi
17 Hasla
18 Holeya
19 Kadaiyan
20 Kakkalan, Kakkan
21 Kalladi
22 Kanakkan, Padanna, Padannan
23 Kavara (other than Telungu speaking or Tamil speaking Balija Kavarai, Gavara, Gavarai, Gavarai Naidu, Balija Naidu, Gajalu Balija or Valai Chetty)
24 Koosa
25 Kootan, Koodan
26 Kudumban
27 Kuravan, Sidhanar, Kuravar, Kurava, Sidhana
28 Maila
29 Malayan [In the areas comprising the Malabar District as specified by Sub-section (2) of Section 5 of the State Re-organization Act. 1956 (37 of 1956)].
30 Mannan, Pathiyan, Perumannan, Vannan, Velan
31 Moger (other than Mogeyar)
32 Mundala
33 Nalakeyava
34 Nalkadaya
35 Nayadi
36 Pallan
37 Palluvan
38 Pambada
39 Panan
40 Paraiyan, Parayan, Sambavar, Sambavan, Sambava, Paraya, Paraiya, Parayar
41 Pulayan, Cheramar, Pulaya, Pulayar, Cherama, Cheraman, Wayanad Pulayan, Wayanadan Pulayan, Matha, Matha Pulayan
42 Puthirai Vannan
43 Raneyar
44 Samagara
45 Samban
46 Semman, Chemman, Chemmar
47 Thandan (excluding Ezhuvas and Thiyyas who are known as Thandan, in the erstwhile Cochin and Malabar areas) and (Carpenters who are known as Thachan, in the erstwhile Cochin and Travancore State)
48 Thoti

49 Vallon
50 Valluvan
51 Vetan
52 Vettuvan, Pulaya Vettuvan (in the areas of erstwhile Cochin State only).
53 Nerian

**LIST OF SCHEDULED TRIBES (Reservation Group: ST)**

[As Amended by The Scheduled Castes and Scheduled Tribes Orders (Amendment) Act, 2002 (Act 10 of 2003) Vide Part-VII-Kerala - Second Schedule Notified in the Gazette of India dated 8.1.2003, G.O. (Ms) No. 06/2014/SCSTDD dated 29.01.2014] [See Clause 5.4.3 (a)]

1 Adiyan
2 Arandan [Arandanan]
3 Eravallan
4 Hill Pulaya, Mala Pulayan, Kurumba Pulayan, Kuravazhi Pulayan, Pamba Pulayan
5 Irular, Irulan
6 Kadar [Wayanad Kadar]
7 Kanikkaran, Kanikkar
8 Kattunayakan
9 [Kochuvelan]
10 Koraga
11 Kudiya, Melakudi
12 Kurichchan [Kurichiyan]
'13 Kurumans, Mullu Kuruman, Mulla Kuruman, Mala Kuruman
14 Kurumbas, [Kurumbar, Kurumban]
15 Maha Malasar
16 Malai Arayan [Mala Arayan]
17 Malai Pandaram
18 Malai Vedan [Malavedan]
19 Malakkuravan
20 Malasar
21 [Malayan, Nattu Malayan, Konga Malayan (excluding the areas comprising the Kasaragod, Kannur, Wayanad and Kozhikode Districts)
22 Malayarayar
23 Mannan
24 Muthuvan, Mudugar, Muduvan
25 Palleyan, Palliyan, Palliyar, Paliyan
26 Paniyan
27 Ulladan, [Ullatan]
28 Uraly
29 Mala Vettuvan(in Kasaragod & Kannur districts)
30 Ten Kurumban, Jenu Kurumban
31 Thachanadan, Thachanadan Moopan
32 Cholanaickan
33 Mavilan
34 Karimpalan
35 Vetta Kuruman
36 Mala Panikkar
37 Maratis of Kasargod and Hosdurg Taluk

**LIST OF OTHER ELIGIBLE COMMUNITIES (Reservation Group: OEC)**

[ See Clause 5.4.3 (f ) ]

1 Chemman/Chemmar
2 Madiga
3 Pulluvan
4 Thachar (other than Carpenter throughout State excluding the erstwhile Malabar area)
5 Chakkamar
6 Varnavar
7 Kudumbi
8 Dheevara / Dheevaran, Arayan, Valan, Nulayan, Mukkuvan, Arayavathi, Valinjiar, Paniakkal
9 Mokaya, Bovi, Mogayar and Megavirar Peruvannan
10 Scheduled Castes converts.
11 Kusavan including Kusavar,Kulalan,Kumbaran,Velaan,Odan,Andhra Nair,Anthru Nair,Velaans, Velaar

12 (Konga-Malayan, Pani Malayan (in the erstwhile Malabar area alone)
13 Pathiyan( other than dhobis)
14 Allar (Alan)
15 Malavettuvan
16 Malamuthan
1 7 KunduVadiyan
18 Thachanadan Moopan
19 Wayanad Kadar
20 Kalanadi
21 Chingathan
22 Malayalar
23 Malapanicker
24 Urindavan
25 Marati
26 Pulaya Vettuvan (except in the areas of erstwhile Cochin State)

**LIST OF SOCIALLY AND EDUCATIONALLY BACKWARD CLASSES**

[Vide G.O.(P) 208/66/Edn. dated 02-5-1966] & G.O (MS) No. 95/08/SCSTDD dated: 6.10.2008& G.O. (Ms) No. 58/2012/SCSTDDdated 16.04.2012, G.O.(Ms) No.10/2014/BCDD dated: 23.05.2014, Lr No. 1538/A2/2014/BCDD dated 02.07.2014J [See Clause 5.4.2 (a) ]

I Ezhavas including Ezhavas, Thiyyas, Ishuvan, Izhuvan, Illuvan and Billava

II Muslims (all sections following Islam)

III Latin Catholics and Anglo-Indians

IV Dheevara including Dheevaran , Araya, Arayas, Arayan, Valan, Nulayan, Mukkuvan, Arayavathi, Valinjiar, Paniakkal, Paniakel, Mukaya, Bovis Mukayar, Mukaveeran, Mogaveera,Mogavirar, Mogayan V Viswakarmas including Viswakarma, Asari, Chaptegra, Kallassari, Kalthachan, Kammala, Kamsala, Kannan, Karuvan, Kitaran, Kollan, Malayala Kammala, Moosari, Pandikammala, Pandithattan, Perumkollan, Thachan, Thattan, Vilkurup, Villasan, Viswabrahmanan or Viswabrahmanar, Viswakarmala and Palisa Perumkollan

VI Kusavan including Kulalan, Kulala Nair, Kumbaran, Velaan, Velaans, Velaar, Odan, Kulala, Andhra Nair, Anthuru Nair

VII Other Backward Christians
(a) SIUC (b) Converts from Scheduled Castes to Christianity
VIII Kudumbi
IX Other Backward Hindus, i.e. 1. Agasa 2. Kharvi 3. Aremahrati 4. Arya, Atagara, Devanga, Kaikolan, (Sengunthar) Pattarya, Pattariyas, Saliyas (Padmasali, Pattusali, Thogatta, Karanibhakatula, Senapathula, Sali, Sale, Karikalabhakulu, Chaliya,Chaliyan) Sourashtra, Khatri, Patnukaran, Illathu Pillai, Illa Vellalar, Illathar

5. Bestha
6. Bhandari or Bhondari
7. Boya
8. Boyan
9. Chavalakkaran
10. Chakkala (Chakkala Nair)
11. Devadiga
12. Ezhavathi (Vathi)
13. Ezhuthachan, Kadupattan
14. Gudigara
15. Galada Konkani
16. Ganjam Reddies
17. Gatti
18. Gowda
19. Ganika including Nagavamsom
20. Hegde
21. Hindu Nadar
22. Idiga including Settibalija
23 Jangam

24. Jogi
25. Jhetty
26. Kanisu or Kaniyar-Panicker, Kaniyan, Kanisan or Kamnan, Kannian or Kani, Ganaka
27. Kalarikurup or Kalari Panicker
28. Kerala Muthali, Kerala Mudalis
29. Oudan (Donga) Odda (Vodde or Vadde or Veddai)
30. Kalavanthula
31. Kallan including Isanattu Kallar
32. Kabera
33. Korachas
34. Kannadiyans
35. Kavuthiyan, Kavuthiya
36. Kavudiyaru
37. Kelasi or Kalasi Panicker
38. Koppala Velamas
39. Krishnanvaka
40. Kuruba
41. Kurumba
42. Maravan (Maravar)
43. Madivala
44. Maruthuvar
45. Mahratta (Non-Brahman)
46. Melakudi (Kudiyan)
47. Moili
48. Mukhari
49. Modibanda
50.Moovari
51. Moniagar
52. Naicken including Tholuva Naicker and Vettilakkara Naicker, Naikkans
53. Padyachi (Villayankuppam)
54. Palli
55. Panniyar or Pannayar
56. Parkavakulam (Surithiman, Malayaman, Nathaman, Moopanar and Nainar)
57. Rajapuri
58. Sakravar (Kavathi)
59. Senaithalaivar, Elavania, Senaikudayam
60. Chetty/Chetties including Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties,Peroorkada Chetties,Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and
24 Mana Telugu Chetties
61 Tholkolan
62. Thottiyan, Thottian
63. Uppara (Sagara)
64. Ural Goundan
65. Valaiyan
66. Vada Balija
67. Vakkaliga
68.Vaduvan(Vadugan),Vaduka, Vadukan,Vadugar
69. Veera Saivas (Pandaram, Vairavi, Vairagi, Yogeeswar, Yogeeswara, Poopandaram, Malapandaram, Pandaran, Matapathi and Yogi)
70. Veluthedathu Nair including Vannathan, Veluthedan and Rajaka
71. Vilakkithala Nair including Vilakkathalavan, Ambattan Pranopakari, Pandithar and Nusuvan
72. Vaniya including Vanika, Vanika Vaisya, Vaisya Chetty, Vanibha Chetty, Ayiravar Nagarathar, Vaniyan, Vaniya Chetty, Vaniar
73. Yadava including Kolaya, Ayar, Mayar, Maniyani, Eruman, Iruman, Erumakkar, Golla and Kolaries
74. Chakkamar
75. Mogers of Kasaragod Taluk
76. Paravans of Malabar area excluding Kasaragod Taluk
77. Peruvannan (Varnavar)
78. Reddiars (throughout the State except in Malabar area)
79. Mooppar or Kallan Moopan or Kallan Moopar

**കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്**
**തിരുവനന്തപുരം**

കെ.ജി.റ്റി.ഇ. പ്രിന്റിംഗ് ടെക്നോളജി പ്രോഗ്രാം

**2024- 2025 അദ്ധ്യയനവർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷ ഫോറം**

(പൂരിപ്പിച്ച അപേക്ഷ ഫോറം പ്രവേശനത്തിനു തിരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്)

| | | |
|---|---|---|
| 1. | പ്രവേശനത്തിനു തിരഞ്ഞെടുക്കുന്ന സ്ഥാപനത്തിന്റെ പേര് | |
| 2. | പ്രവേശനത്തിനു തിരഞ്ഞെടുക്കുന്ന പ്രോഗ്രാം | |
| 3. | അപേക്ഷകന്റെ പേര് (SSLC Book ൽ രേഖപ്പെടുത്തിയിരിക്കുന്നത്) | |
| | 3.1 ഇംഗ്ലീഷ് (വലിയ അക്ഷരത്തിൽ) | |
| | 3.2 മലയാളത്തിൽ | |
| 4. | മേൽ വിലാസം (പിൻകോഡ് ഫോൺ നമ്പർ സഹിതം) | |
| 5. | ആധാർ നമ്പർ | |
| 6. | സ്ത്രീയോ / പുരുഷനോ | |
| 7. | വയസ്സും ജനനതീയതിയും | |
| 8. | 8.1 മതം | |
| | 8.2 ജാതി | |
| | 8.3 പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗത്തിൽ പെട്ടതാണോ? | |
| 9. | 9.1 SSLC / തത്തുല്യ പരീക്ഷ രജിസ്ട്രേഷൻ നമ്പറും മാസവും, വർഷവും | |
| | 9.2 SSLC / തത്തുല്യ പരീക്ഷക്ക് ലഭിച്ച ശരാശരി ഗ്രേഡ് പോയിന്റ് | |

(മറുപുറം)

| | | | |
|---|---|---|---|
| 10 | 10.1 | രക്ഷകർത്താവിന്റെ പേര് | |
| | 10.2 | രക്ഷകർത്താവിന്റെ തൊഴിൽ | |
| | 10.3 | രക്ഷകർത്താവിന്റെ മേൽ വിലാസം<br>(പിൻകോഡ്, ഫോൺ നമ്പർ സഹിതം) | |
| | 10.4 | അപേക്ഷകന് രക്ഷകർത്താവുമായുള്ള ബന്ധം | |

സ്ഥലം :

തീയതി : **അപേക്ഷകന്റെ ഒപ്പ്**

## രക്ഷകർത്താവിന്റെ പ്രതിജ്ഞ

എന്റെ മകൻ/മകൾ ........................................................ മേൽ നൽകിയിരിക്കുന്ന വസ്തുതകൾ എന്റെ ഉത്തമ വിശ്വാസത്തിലും അറിവിലും സത്യമാണെന്ന് ഇതിനാൽ ദൃഢ പ്രതിജ്ഞ ചെയ്യുന്നു. പ്രവേശനം ലഭിച്ചാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിന്റെയും നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുമെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി : **രക്ഷകർത്താവിന്റെ ഒപ്പ്**

### ഓഫീസ് ഉപയോഗത്തിന് മാത്രം

| | |
|---|---|
| 1. അപേക്ഷ ലഭിച്ച തീയതി | |
| 2. ഗ്രേഡ് പോയിന്റ് റാങ്ക് നമ്പർ | |
| 3. അഡ്മിഷൻ നമ്പറും തീയതിയും | |
| 4. കോഴ്സ് ഫീസ്. Rs. | |
| 5. രസീത് നമ്പർ & തീയതി | |